# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ : 1551/11/12/2023/ TVM

പരാതികക്ഷി : കെ.ജി.കൃഷ്ണ വേണി,വിളയിൽ വീട്
കുറുമി റോഡ്,ശാന്തിവിള,നേമം
തിരുവനന്തപുരം

എതിർകക്ഷികൾ :

ഉത്തരവ് തീയതി 09.05.2024

പരാതികക്ഷി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടയാളാണെന്നും, ബുദ്ധിമാന്ദ്യമുള്ള മകനോടൊപ്പമാണ് താമസിക്കുന്നതെന്നും, 2019ൽ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും 3,80,000/-രൂപ വായ്പ ഏടുത്തിരുന്നതായും, കൂടാതെ എസ്.ബി.ഐ പ്രാവച്ചമ്പലം ബ്രാഞ്ചിൽ നിന്നും എടുത്ത വായ്പയും തിരിച്ചടയ്ക്കാൻ സാധിക്കാതെ കുടിശ്ശിക ആയതായും, എന്നാൽ കൊറോണ വ്യാപനത്തെതുടർന്ന് ചെയ്തുകൊണ്ടിരുന്ന തൊഴിലുകളിൽ നഷ്ടം സംഭവിക്കുകയും തിരിച്ചടവ് മുടങ്ങുകയും ചെയ്തതായും, ഇപ്പോൾ തനിക്ക് ഡിപ്രഷൻ രോഗം ബാധിച്ച് മാനസികാരോഗ്യകേന്ദ്രത്തിലെ ചികിത്സയിലാണെന്നും, സർക്കാരിൻെറ ആശ്രയ പദ്ധതിയിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളിലാണ് മാനസികരോഗിയായ താനും ബുദ്ധിമാന്ദ്യമുള്ള മകനും കഴിയുന്നതെന്നും ഇക്കാര്യത്തിൽ സർക്കാരിൻെറ മനുഷ്യത്വപരമായ സഹായം ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കേരളാ സംസ്ഥാന വിലകലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഈ കോർപ്പറേഷൻ ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻെറ ചാനലൈസ് ഏജൻസി മാത്രമാണെന്നും, ആയതിനാൽ വായ്പ എഴുതി തള്ളുന്നതിനോ വായ്പാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിനോ അധികാരമില്ലായെന്നും, കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്ന ബി.പി.എൽ വിഭാഗക്കാരായ വായ്പാ ഗുണഭോക്താക്കൾക്ക് വായ്പാ തുകയുടെ 20% വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടെന്നും, ആയതിനാൽ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുകയാണെങ്കിൽ ടിയാൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതാണെന്നും പ്രതിപാദിച്ചു കാണുന്നു.

പരാതിക്കാരിയുടെ നിലവിലെ അവസ്ഥ പരിഗണിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷൻ ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു. അപേക്ഷകയുടെ ഭർത്താവ് ടിയാളെ 23 വർഷം മുൻപ്, മകൻ ജനിക്കുന്നതിനു മുൻപ് തന്നെ ഉപേക്ഷിച്ചു പോയതാണെന്നും, 51 വയസ്സുള്ള ടിയാളും 22 വയസ്സുള്ള, 50% ബുദ്ധിപരമായ ഭിന്നശേഷി ഉള്ള മകനും പഞ്ചായത്തിൽ നിന്നും അനുവദിച്ച ആശ്രയപദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച വീട്ടിലാണ് താമസിക്കുന്നതെന്നും, അപേക്ഷകയുടെ ജീവിതത്തിൽ നേരിട്ട പ്രശ്നം

കൊണ്ടുള്ള മാനസിക വ്യഥയിൽ അവിവാഹിതനായി കഴിയുന്ന ഏക സഹോദരനും വല്ലപ്പോഴും ടിയാക്കൊപ്പം താമസിക്കാറുണ്ടെന്നും, കേബിൾ ഷോപ്പിൽ താൽക്കാലിക ജോലി ചെയ്യുന്ന ടിയാൾ ചില സമയത്ത് വിഷ്ണു മോഹനെയും പണിക്ക് കൊണ്ടു പോകാറുണ്ടെന്നും, മറ്റു വരുമാനമാർഗ്ഗങ്ങൾ ഒന്നും അപേക്ഷകയ്ക്ക് ഇല്ലായെന്നും, അന്വേഷണ വേളയിൽ ടിയാൾ പേരൂർക്കട മാനസികാരോഗ്യ ആശുപത്രിയിലെ ചികിത്സയുടെ ഭാഗമായി മരുന്നു കഴിച്ചു മയക്കത്തിൽ ആയിരുന്നുവെന്നും റിപ്പോർട്ടിൽ കാണുന്നു.

2019 ൽ ഭിന്നശേഷി കോർപ്പറേഷനിൽ നിന്നും 3,80,000/-രൂപ വായ്പ്പ എടുത്തിരുന്നതായും, അടുത്ത വർഷം തന്നെ കൊറോണ വരുത്തി വച്ച പ്രത്യാഘാതത്തിൽ തൊഴിൽ ചെയ്യാനാകാതെ വായ്പ വലിയൊരു തുകയായി മാറുന്ന സാഹചര്യമാണ് വന്നു ചേർന്നതെന്നും, തൊഴിൽ ചെയ്യാൻ സാധിക്കാതെയും വായ്പതുകയും പലിശയും വലിയൊരു തുകയായി മാറിയ സാഹചര്യത്തിൽ സ്വർണ്ണം കടം വാങ്ങി പണയം വച്ച് കുറച്ചു തുക അടച്ചു റിക്കവറി നടപടി നിർത്തി വച്ചിരുന്നതായും, നിലവിലെ അവസ്ഥയിൽ പരാതിക്കാരിക്കും മകനും ലോൺ തുക അടച്ചു തീർക്കാനുള്ള വരുമാനമോ സാമ്പത്തിക പശ്ചാത്തലമോ ഇല്ലെന്നു അറിയുന്നതായും, അന്വേഷണത്തിൽ നിലവിലെ താമസിക്കുന്ന വീടിൻെറ ആധാരമാണ് ഭിന്നശേഷി കോർപ്പറേഷനിൽ ഈടു നൽകിയിട്ടുള്ളതെന്നും, പരിമിതികളെയും ജീവിതസാഹചര്യങ്ങളെയും അതിജീവിച്ചു സ്വന്തമായി അധ്വാനിച്ചു ജീവിച്ചു വന്നിരുന്ന കൃഷ്ണവേണിക്ക് കൊറോണയുടെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തിക നഷ്ടമാണ് കടക്കാരിയായി മാറിയതെന്നും, നിലവിലെ അവസ്ഥയിൽ ടിയാൾ കടുത്ത ഡിപ്രഷനിലാണെന്നും, അമ്മയും മകനും പ്രത്യേക പരിഗണന അർഹിക്കുന്നുവെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതിക്കാരിയുടെയും മകൻെറയും നിലവിലുള്ള അവസ്ഥ ജില്ലാകളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാകുന്നുണ്ട്. അതിദയനീയമായ ജീവിതസാഹചര്യത്തിലൂടെയാണ് പരാതിക്കാരിയും കുടുംബവും കടന്നുപോകുന്നതെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. കടുത്ത ഡിപ്രഷൻ ബാധിച്ച് ചികിത്സയിലുള്ള പരാതികക്ഷിയും ഭിന്നശേഷിക്കാരനായ മകനും സർക്കാരിൻെറ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈകൊള്ളേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

ഉത്തരവിൻെറ പകർപ്പ് സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കളക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ